വെളിച്ചം സൗദി ഓൺലൈൻ ഖുർആൻ പഠന പദ്ധതി

നാലാം ഘട്ടം

ക്യാമ്പയിൻ 10

സൂറത്തു ശുഅറാഉ്

ആയത്ത് 141 മുതൽ 175 വരെ

2022 ഒക്ടോബർ 23 ഞായർ മുതൽ നവംബർ 05 ശനി വരെ

GET IT ON Google Play

Velicham Online

velichamonline.islahiweb.org
velichamsaudionline.com

സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

facebook.com/velichamsaudionline youtube.com/velichamsaudionline

വിഭാഗം - 8

كَذَّبَتْ ثَمُودُ ٱلْمُرْسَلِينَ ﴿١٤١﴾

《141》 'ഥമൂദ്' (ഗോത്രം) ദൈവ
ദൂതൻമാരെ [മുർസലുകളെ] വ്യാജ
മാക്കി

إِذۡ قَالَ لَهُمۡ أَخُوهُمۡ صَٰلِحٌ أَلَا تَتَّقُونَ ﴿١٤٢﴾

﴿142﴾ -അവരുടെ സഹോദരൻ സ്വാലിഹ് അവരോട് പറഞ്ഞപ്പോൾ: 'നിങ്ങൾ സൂക്ഷിക്കുന്നില്ലേ?!

إِنِّي لَكُمۡ رَسُولٌ أَمِينٌ ﴿١٤٣﴾

﴿143﴾ 'നിശ്ചയമായും, ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ റസൂലാകുന്നു.

فَٱتَّقُواْ ٱللَّهَ وَأَطِيعُونِ ﴿١٤٤﴾

﴿144﴾ 'അതുകൊണ്ട് നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, എന്നെ അനുസരിക്കുകയും ചെയ്യുവിൻ.

وَمَآ أَسۡـَٔلُكُمۡ عَلَيۡهِ مِنۡ أَجۡرٍۖ إِنۡ أَجۡرِيَ إِلَّا عَلَىٰ رَبِّ ٱلۡعَٰلَمِينَ ﴿١٤٥﴾

﴿145﴾ 'അതിന്റെ പേരിൽ ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല; എന്റെ പ്രതിഫലം, ലോകരക്ഷിതാവിന്റെമേൽ അല്ലാതെ (മറ്റാർക്കും ബാധ്യത) ഇല്ല.

أَتُتۡرَكُونَ فِي مَا هَٰهُنَآ ءَامِنِينَ ﴿١٤٦﴾

﴿146﴾ 'ഇവിടെയുള്ളതിൽ ഭൗതിക സുഖങ്ങളിൽ നിങ്ങൾ നിർഭയരായ നിലയിൽ വിട്ടേക്കപ്പെടുന്നതാണോ?!

فِي جَنَّٰتٖ وَعُيُونٖ ﴿١٤٧﴾

﴿147﴾ 'അതായത്, തോപ്പുകളിലും നീരുറവകളിലും,-

﴿141﴾ كَذَّبَتۡ ثَمُودُ ഥമൂദ് വ്യാജമാക്കി الْمُرْسَلِينَ മുർസലുകളെ ﴿142﴾ إِذْقَالَ لَهُمْ അവരോട് പറഞ്ഞപ്പോൾ أَخُوهُمْ صَالِحٌ അവരുടെ സഹോദരൻ സ്വാലിഹ് أَلَا تَتَّقُونَ നിങ്ങൾ സൂക്ഷിക്കുന്നില്ലേ ﴿143﴾ إِنِّي لَكُمْ നിശ്ചയമായും ഞാൻ നിങ്ങൾക്ക് رَسُولٌ أَمِينٌ വിശ്വസ്തനായ റസൂലാണ് ﴿144﴾ فَاتَّقُوا اللَّهَ ആകയാൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ وَأَطِيعُونِ എന്നെ അനുസരിക്കുകയും ചെയ്യുവിൻ ﴿145﴾ وَمَا أَسْأَلُكُمْ നിങ്ങളോട് ഞാൻ ചോദിക്കുന്നില്ല عَلَيْهِ അതിന്, അതിന്റെ പേരിൽ مِنْ أَجْرٍ ഒരു പ്രതിഫലവും إِنْ أَجْرِيَ എന്റെ പ്രതിഫലമല്ല إِلا അല്ലാതെ, ഒഴികെ عَلَى رَبِّ الْعَالَمِينَ ലോകരക്ഷിതാവിന്റെ മേൽ ﴿146﴾ أَتُتْرَكُونَ നിങ്ങൾ വിട്ടേക്കപ്പെടുമോ, ഉപേക്ഷിച്ചുവിടപ്പെടുമോ فِي مَا هَاهُنَا ഇവിടെയുള്ളതിൽ آمِنِينَ നിർഭയരായിക്കൊണ്ട്, വിശ്വസ്തരായിക്കൊണ്ട് ﴿147﴾ فِي جَنَّاتٍ തോപ്പുകളിലായിട്ട് وَعُيُونٍ നീരുറവകളിലും

وَزُرُوعٍ وَنَخْلٍ طَلْعُهَا هَضِيمٌ ﴿١٤٨﴾

﴾148﴿ 'വിളകളിലും, (പഴങ്ങളുടെ ഭാരത്താൽ) കുലയൊടിഞ്ഞു വീഴാറായ ഈത്തപ്പനകളിലും?!

وَتَنْحِتُونَ مِنَ ٱلْجِبَالِ بُيُوتًا فَٰرِهِينَ ﴿١٤٩﴾

﴾149﴿ 'ആഹ്ലാദചിത്തരായും കൊണ്ട് നിങ്ങൾ മലകളിൽ നിന്നും (പാറ) വെട്ടിത്തുരന്ന് വീടുണ്ടാക്കുകയും ചെയ്യുന്നു!

فَٱتَّقُوا۟ ٱللَّهَ وَأَطِيعُونِ ﴿١٥٠﴾

﴾150﴿ 'ആകയാൽ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, എന്നെ അനുസരിക്കുകയും ചെയ്യുവിൻ.

وَلَا تُطِيعُوٓا۟ أَمْرَ ٱلْمُسْرِفِينَ ﴿١٥١﴾

﴾151﴿ 'അതിക്രമികളുടെ കൽപന നിങ്ങൾ അനുസരിക്കുകയും അരുത്;-

ٱلَّذِينَ يُفْسِدُونَ فِى ٱلْأَرْضِ وَلَا يُصْلِحُونَ ﴿١٥٢﴾

﴾152﴿ 'അതായത്, നാട്ടിൽ കുഴപ്പമുണ്ടാക്കുകയും, (നാട്) നന്നാക്കാതിരിക്കുകയും ചെയ്യുന്നവരുടെ (കൽപന).

﴾148﴿ وَزُرُوعٍ വിളകളിലും, കൃഷികളിലും وَنَخْلٍ ഈത്തപ്പനകളിലും طَلْعُهَا അവയുടെ കുല هَضِيمٌ ഒടിഞ്ഞു തൂങ്ങിയതാണ്, ഒടിഞ്ഞു വീഴാറായതാണ് ﴾149﴿ وَتَنْحِتُونَ നിങ്ങൾ വെട്ടിത്തുറക്കുന്നു, തുരന്നുണ്ടാക്കുന്നു, ശിൽപ വേല ചെയ്യുന്നു مِنَ الْجِبَالِ മലകളിൽ നിന്ന് بُيُوتًا വീടുകളെ, ചില വീടുകളെ فَارِهِينَ ആഹ്ലാദചിത്തരായി, സുഖലോലുപൻമാരായി ﴾150﴿ فَاتَّقُوا اللَّهَ ആകയാൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ وَأَطِيعُونِ എന്നെ അനുസരിക്കുകയും ചെയ്യുവിൻ ﴾151﴿ وَلَا تُطِيعُوا നിങ്ങൾ അനുസരിക്കുകയുമരുത് أَمْرَ الْمُسْرِفِينَ അതിക്രമികളുടെ കല്പന, അതിരുകടന്നവരുടെ നിർദ്ദേശം ﴾152﴿ الَّذِينَ യാതൊരുകൂട്ടർ يُفْسِدُونَ അവർ കുഴപ്പമുണ്ടാക്കുന്നു, നാശമുണ്ടാക്കുന്നു فِي الْأَرْضِ ഭൂമിയിൽ, നാട്ടിൽ وَلَا يُصْلِحُونَ നന്മയുണ്ടാക്കുന്നുമില്ല, നന്നാക്കുകയുമില്ല

ഹിജാസിൽനിന്ന് സിറിയയിലേക്ക് പോകുന്ന ഒട്ടകപ്പാതയിൽ സ്ഥിതിചെയ്യുന്ന രാജ്യമായിരുന്നു പ്രാചീനഗോത്രമായ 'ഥമൂദി'ന്റെ വാസസ്ഥലം. 'അൽഹിജ്ർ' (الحِجْر) എന്നും, 'മദാ ഇനുസ്വാലിഹ്' (സ്വാലിഹിന്റെ പട്ടണങ്ങൾ- مدائن صالح) എന്നും ഇതിന് പേർ പറയുന്നു. *(*)* മദീനഃയിൽ നിന്ന് വടക്ക് സുമാർ 180 നാഴികയും, തബൂക്കിൽനിന്ന് തെക്കുകിഴക്ക് ഏകദേശം 170 നാഴികയും അകലെയായി അത് സ്ഥിതിചെയ്യുന്നു. മിക്ക ഭാഗവും മലമ്പാറകളാൽ

(*) പടം 8 നോക്കുക.

ആവൃതമാണ്. ക്രിസ്ത്വബ്ദം 1880– ൽ രാജ്യങ്ങൾ സന്ദർശിച്ച ഡൌട്ടി *(*)* എന്ന ഒരു യൂറോപ്യൻ സഞ്ചാരി, ആ രാജ്യങ്ങളെ സംബന്ധിച്ചെഴുതിയ ഗ്രന്ഥത്തിൽ അൽഹിജ്റിന്റെ ഒരു വിവരണം രേഖപ്പെടുത്തിയിട്ടുണ്ട്.

മലമ്പാറകൾ വെട്ടി നിർമിച്ച വീടുകൾ, ക്ഷേത്രങ്ങൾ, ദർബാറുകൾ മുതലായവയുടെ അവശിഷ്ടങ്ങൾ, താഴെ പറയുന്ന പ്രകാരം സ്വാലിഹ് നബി (അ)യുടെ ഒട്ടകത്തെ അവിശ്വാസികൾ അപകടപ്പെടുത്തിയ സ്ഥലം (مبرك الناقة -ഒട്ടകം മുട്ടുകുത്തിയ സ്ഥലം) അത് വെള്ളം കുടിച്ചിരുന്ന കിണർ മുതലായവ ഇന്നും കാണാവുന്നതായി ആ ചരിത്ര ഗവേഷകൻ രേഖപ്പെടുത്തിയിരിക്കുന്നു. എത്രയോ കൊല്ലങ്ങൾക്ക് മുമ്പ് തന്നെ അറബികൾ ദൂരദേശങ്ങളുമായി കച്ചവടം നടത്തിയിരുന്നു. സുദീർഘമായ ഒട്ടകമാർഗങ്ങളിലൂടെയായിരുന്നു അത്. അറേബ്യാ ഉപഭൂഖണ്ഡത്തിന്റെ തെക്കേ അറ്റത്ത് യമനിൽനിന്ന് തുടങ്ങി മക്കഃ മദീനഃ തബൂക്ക്, മദാഇൻ, ലൂത്വ് നബി(അ)യുടെ രാജ്യങ്ങൾ എന്നീ പ്രദേശങ്ങൾ വഴി അത് മആനി (معان)ൽ എത്തുന്നു. അനന്തരം ഒരു ശാഖ ഈജിപ്തിലേക്കും മറ്റേത് നേരെ ദിമിശ്ഖ് (دمشق ഡമാസ്ക്കസ്) ലേക്കും പിരിഞ്ഞുപോകുന്നു. *(**)* ഈ പാത കേവലം ഒരു വാണിജ്യമാർഗം മാത്രമല്ല; അറബികളുടെ പൊതുവായ ഹജ്ജ് മാർഗം (درب الحج) കൂടിയാണ്. അതുകൊണ്ടാണ്, ലൂത്വ് നബി (അ), സ്വാലിഹ് നബി (അ) എന്നിവരുടെ സമുദായങ്ങളുടെ ചരിത്രം പറയുമ്പോൾ, അറബികൾക്ക് പരിചയമുള്ള സ്ഥലങ്ങളെന്ന നിലക്ക് ഖുർആൻ അവയെ വിവരിക്കുന്നതും ഓർമിപ്പിക്കുന്നതും.

നബി തിരുമേനി ﷺ ഒരിക്കൽ ആ നാട്ടിനടുത്തുകൂടി പോയപ്പോൾ, അല്ലാഹുവിന്റെ ശാപത്തിന് ഇരയായ ആ നാട്ടിൽ കരഞ്ഞുകൊണ്ടല്ലാതെ നിങ്ങൾ പ്രവേശിക്കരുതെന്ന് സ്വഹാബികളെ ഉപദേശിക്കുകയുണ്ടായി. ഭൗതികമായ ആർഭാടങ്ങളിലും, ആഡംബര ജീവിതത്തിലും മുഴുകിയിരുന്ന ഈ സമുദായവും വിഗ്രഹാരാധനക്കാരായിരുന്നു. ഇതര സമുദായങ്ങളെപ്പോലെത്തന്നെ അവരും തങ്ങളുടെ പ്രവാചകനോട് പെരുമാറി:-

قَالُوٓا۟ إِنَّمَآ أَنتَ مِنَ ٱلْمُسَحَّرِينَ ﴿١٥٣﴾

﴾153﴿ അവർ പറഞ്ഞു: 'നിശ്ചയമായും നീ ആഭിചാരബാധിതരിൽ പെട്ടവൻ തന്നെയാണ്.'

مَآ أَنتَ إِلَّا بَشَرٌ مِّثْلُنَا

﴾154﴿ 'നീ ഞങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനല്ലാതെ (മറ്റൊന്നും) അല്ല.

فَأْتِ بِـَٔايَةٍ إِن كُنتَ مِنَ ٱلصَّـٰدِقِينَ ﴿١٥٤﴾

'ആകയാൽ, നീ സത്യവാൻമാരിൽ പെട്ടവനാണെങ്കിൽ, ഒരു ദൃഷ്ടാന്തം കൊണ്ടുവാ?'

قَالَ هَـٰذِهِۦ نَاقَةٌ لَّهَا شِرْبٌ وَلَكُمْ

﴾155﴿ അദ്ദേഹം പറഞ്ഞു: 'ഇതാ (ദൃഷ്ടാന്തമായി) ഒരൊട്ടകം! ഒരു (ദിവസത്തെ) വെള്ളം കുടി അതിനും,

(*) C. M. Doughty (**) പടം 8 നോക്കുക.

شِرۡبُ يَوۡمٖ مَّعۡلُومٖ ﴿١٥٥﴾

ഒരു നിശ്ചിത ദിവസത്തെ വെള്ളം കുടി നിങ്ങൾക്കും (ഊഴം) ആകുന്നു.

وَلَا تَمَسُّوهَا بِسُوٓءٖ فَيَأۡخُذَكُمۡ عَذَابُ يَوۡمٍ عَظِيمٖ ﴿١٥٦﴾

﴾156﴿ യാതൊരു (തരത്തിലുള്ള) തിന്മകൊണ്ടും നിങ്ങൾ അതിനെ തൊട്ടുപോകരുത് [ഉപദ്രവിക്കരുത്];-

(കാരണം,) അപ്പോൾ ഒരു വമ്പിച്ച ദിവസത്തെ ശിക്ഷ നിങ്ങളെ പിടികൂടിയേക്കും.'

فَعَقَرُوهَا فَأَصۡبَحُواْ نَٰدِمِينَ ﴿١٥٧﴾

﴾157﴿ എന്നാൽ, അവർ അതിനെ (കുതികാൽവെട്ടി) അറുത്തുകളഞ്ഞു. അങ്ങനെ, അവർ ഖേദക്കാരായി ത്തീർന്നു.

فَأَخَذَهُمُ ٱلۡعَذَابُۚ إِنَّ فِي ذَٰلِكَ لَأٓيَةٗۖ وَمَا كَانَ أَكۡثَرُهُم مُّؤۡمِنِينَ ﴿١٥٨﴾

﴾158﴿ ഉടനെ, ശിക്ഷ അവരെ പിടികൂടി. നിശ്ചയമായും, അതിൽ ഒരു (വലിയ) ദൃഷ്ടാന്തമുണ്ട്. അവരിൽ അധികമാളും വിശ്വസിക്കുന്നവരല്ല.

وَإِنَّ رَبَّكَ لَهُوَ ٱلۡعَزِيزُ ٱلرَّحِيمُ ﴿١٥٩﴾

﴾159﴿ നിശ്ചയമായും നിന്റെ രക്ഷിതാവ് തന്നെയാണ് പ്രതാപശാലിയും കരുണാനിധിയും.

﴾153﴿ قَالُوٓا അവർ പറഞ്ഞു إِنَّمَآ أَنتَ നിശ്ചയമായും നീ مِنَ ٱلۡمُسَحَّرِينَ സിഹ്ർ (ആഭിചാരം, മാരണം) ബാധിതരിൽ പെട്ടവൻതന്നെ, (മാരണം ചെയ്യപ്പെട്ടവനാണ്) ﴾154﴿ مَآ أَنتَ നീ അല്ല إِلَّا بَشَرٞ ഒരു മനുഷ്യനല്ലാതെ مِّثۡلُنَا ഞങ്ങളെപ്പോലുള്ള فَأۡتِ ആകയാൽ നീ വാ بِـَٔايَةٍ ദൃഷ്ടാന്തവും കൊണ്ട് إِن كُنتَ നീ ആണെങ്കിൽ مِنَ ٱلصَّٰدِقِينَ സത്യവാന്മാരിൽ, സത്യവാദികളിൽ (പെട്ടവൻ) ﴾155﴿ قَالَ അദ്ദേഹം പറഞ്ഞു هَٰذِهِۦ نَاقَةٞ ഇതാ ഒരൊട്ടകം لَّهَا അതിന്, അതിന്നാണ് شِرۡبٞ ഒരു കുടി, (ഒരു പ്രാവശ്യത്തെ കുടിക്കൽ) وَلَكُمۡ നിങ്ങൾക്കാണ്, നിങ്ങൾക്കുമുണ്ട് شِرۡبُ يَوۡمٖ ഒരു ദിവസത്തെ കുടി مَّعۡلُومٖ നിശ്ചിതമായ, നിർണയിക്കപ്പെട്ട, അറിയപ്പെട്ട ﴾156﴿ وَلَا تَمَسُّوهَا നിങ്ങളതിനെ തൊടരുത്, സ്പർശിക്കരുത് بِسُوٓءٖ ഒരു തിന്മകൊണ്ടും فَيَأۡخُذَكُمۡ എന്നാൽ നിങ്ങൾക്ക് പിടിപെട്ടേക്കും, നിങ്ങളെ ബാധിച്ചേക്കും عَذَابُ يَوۡمٍ ഒരു ദിവസത്തെ ശിക്ഷ عَظِيمٖ വമ്പിച്ച ﴾157﴿ فَعَقَرُوهَا എന്നാൽ അവർ അതിനെ കുത്തി അറുത്തു, കുതികാൽ വെട്ടി فَأَصۡبَحُوا അങ്ങനെ (അതുകാരണം) അവർ ആയി

نَادِمِينَ ഖേദക്കാർ, വ്യസനിച്ചവർ ﴾158﴿ فَأَخَذَهُمُ ഉടനെ (അതിനാൽ) അവരെ പിടികൂടി وَمَا كَانَ ശിക്ഷ إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَآيَةً ഒരു ദൃഷ്ടാന്തം الْعَذَابُ ആയിരുന്നില്ല, അല്ല أَكْثَرُهُمْ അവരിൽ അധികവും مُؤْمِنِينَ വിശ്വസിക്കുന്നവർ ﴾159﴿ وَإِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബ് لَهُوَ അവൻ തന്നെ الْعَزِيزُ പ്രതാപശാലി الرَّحِيمُ കരുണാനിധി

ആരിൽ നിന്നോ ആഭിചാരബാധയേറ്റു നിനക്ക് ബുദ്ധി ഭ്രമിച്ചുപോയിരിക്കുകയാണ്, അതുകൊണ്ടാണ് നീ ഇങ്ങനെയൊക്കെ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഞങ്ങളിൽ കവിഞ്ഞ ഒരു വിശേഷതയും നിനക്കില്ല, നീ പറയുന്ന വാദം ശരിയാണെങ്കിൽ ഒരു ദൃഷ്ടാന്തം ഞങ്ങൾക്ക് കാട്ടിത്തരണം എന്നാണ് ഇവർ സ്വാലിഹ് നബി (അ)യോട് പറയുന്നത്. അവസാനം ഒരു ഒട്ടകത്തെ അല്ലാഹു അവർക്ക് ദൃഷ്ടാന്തമാക്കിക്കൊടുത്തു. അതിന് എന്തോ ചില അസാധാരണത്വമുണ്ടായിരുന്നു. *(*)* അവരുടെ വെള്ളത്താവളത്തിൽനിന്ന് വെള്ളം കുടിക്കുവാൻ –ഒരു ദിവസം ഒട്ടകത്തിനും, ഒരു ദിവസം അവർക്കും എന്ന്– പ്രത്യേകം ഊഴം നിശ്ചയിച്ചിരുന്നു. ഇതവർക്ക് സഹിക്കാതായി.

ഒട്ടകത്തിന്റെ തീറ്റ, വെള്ളംകുടി മുതലായ ഒന്നിലും കൈകടത്തരുത് എന്നൊക്കെ പ്രവാചകൻ അവരെ മുടക്കിയിരുന്നു. അങ്ങനെ വല്ലതും ചെയ്താൽ അവർക്ക് വമ്പിച്ച ശിക്ഷ അനുഭവപ്പെടുമെന്ന് താക്കീതും നൽകി. പക്ഷേ, കുറേ കഴിഞ്ഞപ്പോൾ, അതിനെ കൊന്നുകളയുവാൻ അവർ ഒരാളെ ശട്ടംകെട്ടി. അവനതിന് ധൈര്യപ്പെടുകയും ചെയ്തു. ഒട്ടകത്തെ അപകടപ്പെടുത്തിയാൽ മൂന്ന് ദിവസം കൊണ്ട് ശിക്ഷ ബാധിക്കുമെന്നായിരുന്നു മുന്നറിയിപ്പ്. സംഭവം കഴിഞ്ഞശേഷം അവർ അതിനെക്കുറിച്ച് ഖേദക്കാരായി. എങ്കിലും ഫലമെന്ത്?! താക്കീത് ചെയ്യപ്പെട്ട കഠോരശിക്ഷ– ഒരുതരം ഭൂകമ്പവും ഒരു വമ്പിച്ച ശബ്ദവും, അഥവാ ഇടിത്തീയും– ഉണ്ടായി. അവർ നിശ്ശേഷം നശിച്ചുപോയി! പ്രവാചകനും, സത്യവിശ്വാസികളും നേരത്തെത്തന്നെ സ്ഥലംവിട്ടുപോയി രക്ഷപ്പെട്ടിരുന്നു. രക്ഷപ്പെട്ടവർ 120 പേരും, നശിച്ചുപോയവർ 5000 വീട്ടുകാരുമായിരുന്നുവെന്ന് ചിലർ രേഖപ്പെടുത്തിക്കാണുന്നു. അല്ലാഹുവിന്നറിയാം.

ഥമൂദ് ഗോത്രക്കാർ ദൃഷ്ടാന്തം ആവശ്യപ്പെട്ടപ്പോൾ സ്വാലിഹ് (അ) ദുആ ചെയ്തു. ഒരു പാറക്കല്ല് പൊട്ടിക്കീറി അതിൽനിന്നാണ് ഒട്ടകം പ്രത്യക്ഷപ്പെട്ടതെന്നും, ആവശ്യമുള്ളവർക്കെല്ലാം ഇഷ്ടംപോലെ കറന്നുകുടിക്കുമാറ് ധാരാളം പാലുണ്ടായിരുന്ന ഒട്ടകമായിരുന്നു അതെന്നും മറ്റും ചില വ്യാഖ്യാതാക്കൾ പ്രസ്താവിക്കുന്നുണ്ട്. പക്ഷേ, ഇതിനൊന്നും വിശ്വാസയോഗ്യമായ തെളിവ് കാണുന്നില്ല. ഥമൂദ് ഗോത്രക്കാരുടെ ചരിത്രം അടുത്ത സൂറത്തിലും മറ്റ് പല സൂറത്തുകളിലും അല്ലാഹു ഉദ്ധരിച്ചിട്ടുള്ളതാകുന്നു.

വിഭാഗം – 9

كَذَّبَتْ قَوْمُ لُوطٍ ٱلْمُرْسَلِينَ ﴿١٦٠﴾

﴾160﴿ ലൂത്വിന്റെ ജനത മുർസലുകളെ വ്യാജമാക്കി;–

(*) അത് കേവലം ഒരു സാധാരണ ഒട്ടകം മാത്രമായിരുന്നുവെന്ന് ചിലർ പറഞ്ഞുകാണുന്നു. ഇതിനെക്കുറിച്ച് സൂറത്തുൽ ക്വമറിൽവെച്ച് നമുക്ക് സംസാരിക്കാം. إِنْ شَاءَ اللّٰه

إِذْ قَالَ لَهُمْ أَخُوهُمْ لُوطٌ أَلَا تَتَّقُونَ ﴿١٦١﴾

﴿161﴾ അവരുടെ സഹോദരൻ ലൂത്ത് അവരോട് പറഞ്ഞപ്പോൾ: 'നിങ്ങൾ സൂക്ഷിക്കുന്നില്ലേ?!

إِنِّي لَكُمْ رَسُولٌ أَمِينٌ ﴿١٦٢﴾

﴿162﴾ 'നിശ്ചയമായും, ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ റസൂലാകുന്നു.

فَاتَّقُوا اللَّهَ وَأَطِيعُونِ ﴿١٦٣﴾

﴿163﴾ 'അതുകൊണ്ട് നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, എന്നെ അനുസരിക്കുകയും ചെയ്യുവിൻ.

وَمَا أَسْأَلُكُمْ عَلَيْهِ مِنْ أَجْرٍ إِنْ أَجْرِيَ إِلَّا عَلَىٰ رَبِّ الْعَالَمِينَ ﴿١٦٤﴾

﴿164﴾ 'അതിന്റെ പേരിൽയാതൊരു പ്രതിഫലവും ഞാൻ നിങ്ങളോട് ചോദിക്കുന്നില്ല. എന്റെ പ്രതിഫലം, ലോകരക്ഷിതാവിന്റെപേരിൽ അല്ലാതെ (മറ്റാർക്കും ബാധ്യത) ഇല്ല.'

﴿160﴾ كَذَّبَتْ വ്യാജമാക്കി قَوْمُ لُوطٍ ലൂത്വിന്റെ ജനത الْمُرْسَلِينَ മുർസലുകളെ ﴿161﴾ إِذْ قَالَ لَهُمْ അവരോട് പറഞ്ഞപ്പോൾ أَخُوهُمْ لُوطٌ അവരുടെ സഹോദരൻ ലൂത്വ് أَلَا تَتَّقُونَ നിങ്ങൾ സൂക്ഷിക്കുന്നില്ലേ ﴿162﴾ إِنِّي നിശ്ചയമായും ഞാൻ لَكُمْ നിങ്ങൾക്ക് رَسُولٌ أَمِينٌ വിശ്വസ്തനായ റസൂലാണ് ﴿163﴾ فَاتَّقُوا اللَّهَ ആകയാൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ وَأَطِيعُونِ എന്നെ അനുസരിക്കുകയും ചെയ്യുവിൻ ﴿164﴾ وَمَا أَسْأَلُكُمْ നിങ്ങളോട് ഞാൻ ചോദിക്കുന്നില്ല عَلَيْهِ അതിന്റെ പേരിൽ مِنْ أَجْرٍ ഒരു പ്രതിഫലവും أَجْرِيَ എന്റെ പ്രതിഫലമല്ല إِلَّا عَلَىٰ رَبِّ الْعَالَمِينَ ലോകരക്ഷിതാവിന്റെ മേലല്ലാതെ

'അവരുടെ സഹോദരൻ' (أَخُوهُمْ) എന്നും, വിശ്വസ്തനായ റസൂൽ (رَسُولٌ أَمِينٌ) എന്നും ഓരോ നബിമാരെപ്പറ്റിയും വിശേഷിപ്പിച്ചു പറഞ്ഞതിൽ ചില സൂചനകളുണ്ട്. അവരെപ്പോലെ അവരുടെ കൂട്ടത്തിൽ കഴിഞ്ഞുകൂടിയിരുന്ന ആളും, അവർക്ക് സുപരിചിതനും, അവരുമായി ബന്ധപ്പെട്ടവനുമായ വ്യക്തിയെയായിരുന്നു ഓരോ സമുദായത്തിലേക്കും റസൂലായി നിയോഗിക്കപ്പെട്ടിരുന്നത് എന്നത്രെ ഒരു സൂചന. മറ്റൊന്ന്: പ്രവാചകത്വം ലഭിക്കുന്നതുവരെ വിശ്വസ്തനും സത്യവാനുമാണെന്ന് സമ്മതിക്കപ്പെട്ടിരുന്ന വ്യക്തികളാണ് അവർ എന്നുള്ളതാണ്. ആ സ്ഥിതിക്ക് ഓരോ സമുദായത്തിനും സുപരിചിതനും സുസമ്മതനുമായ അവരുടെ പ്രവാചകനെ നിഷേധിക്കുവാൻ ന്യായമില്ലല്ലോ.

162, 163, 164 എന്നീ ആയത്തുകളിലെ വാക്യങ്ങൾ ലൂത്വ് നബി (അ) മാത്രമല്ല, ഇതിനു മുമ്പ് പ്രസ്താവിക്കപ്പെട്ട നബിമാരും അവരുടെ സമുദായങ്ങളോട് പറഞ്ഞിരുന്നുവെന്ന് നാം

കണ്ടു. തുടർന്ന് വരുന്ന ശുഅയ്ബ് നബി (അ)യുടെ വാക്യങ്ങളിലും അതേ വാക്കുകൾ കാണാം. എല്ലാ റസൂലുകളുടെയും പരമപ്രധാനമായ പ്രബോധനതത്വം ഏതാണെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. അതിന് പുറമെ, അതത് സമുദായത്തിന്റെയും, സന്ദർഭത്തിന്റെയും പരിതഃസ്ഥിതിയനുസരിച്ച് ചില പ്രത്യേക വിഷയങ്ങൾ ഓരോ റസൂലിനും പ്രത്യേകം ഉപദേശിക്കുവാനുണ്ടായിരിക്കുമെന്നും- ഓരോരുത്തരുടെയും പ്രസ്താവനകൾ പരിശോധിച്ചാൽ- കാണാവുന്നതാണ്. അക്കൂട്ടത്തിൽ, ലൂത്വ് നബി (അ)യുടെ ജനങ്ങൾക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന ഒരു നീചപ്രവൃത്തിയെ- പ്രകൃതിവിരുദ്ധമായ ഒരു ദുർന്നടപ്പിനെ-പ്പറ്റി അദ്ദേഹം അവരോട് എടുത്തുപറയുന്നു:

أَتَأْتُونَ ٱلذُّكْرَانَ مِنَ ٱلْعَٰلَمِينَ ﴿١٦٥﴾

﴾165﴿ 'ലോകരിൽ നിന്ന് നിങ്ങൾ (മാത്രം) ആണുങ്ങളുടെ അടുക്കൽ ചെല്ലുകയോ?!

وَتَذَرُونَ مَا خَلَقَ لَكُمْ رَبُّكُم مِّنْ أَزْوَٰجِكُم ۚ بَلْ أَنتُمْ قَوْمٌ عَادُونَ ﴿١٦٦﴾

﴾166﴿ 'നിങ്ങളുടെ ഇണകളായി നിങ്ങളുടെ രക്ഷിതാവ് നിങ്ങൾക്കു വേണ്ടി സൃഷ്ടിച്ചുതന്നതിനെ [ഭാര്യമാരെ] നിങ്ങൾ വിട്ടുകളയുകയും ചെയ്യുന്നു?!

എന്നാൽ, നിങ്ങൾ അതിക്രമകാരികളായ ഒരു ജനതതന്നെ!'

﴾165﴿ أَتَأْتُونَ നിങ്ങൾ ചെല്ലുന്നുവോ الذُّكْرَانَ ആണുങ്ങളുടെ അടുക്കൽ مِنَ الْعَالَمِينَ ലോകരിൽ നിന്ന് ﴾166﴿ وَتَذَرُونَ നിങ്ങൾ വിട്ടുകളയുകയും ചെയ്യുന്നു. ഉപേക്ഷിക്കുകയും ചെയ്യുന്നു مَا خَلَقَ സൃഷ്ടിച്ചിട്ടുള്ളതിനെ لَكُمْ നിങ്ങൾക്കുവേണ്ടി رَبُّكُمْ നിങ്ങളുടെ റബ്ബ് مِنْ أَزْوَاجِكُمْ നിങ്ങളുടെ ഇണകളായി, ഭാര്യമാരിൽനിന്ന് بَلْ എന്നാൽ, പക്ഷേ أَنْتُمْ നിങ്ങൾ قَوْمٌ ഒരു ജനതയാണ് عَادُونَ അതിക്രമകാരികളായ

സ്വന്തം ഭാര്യമാരെ വീട്ടിൽ വിട്ടേച്ചു അവർക്ക് പകരം പുരുഷൻമാരെക്കൊണ്ട് കാമനിവൃത്തിവരുത്തുന്ന അതിനികൃഷ്ടമായ ഒരു സമ്പ്രദായത്തെക്കുറിച്ചാണ് ലൂത്വ് നബി (അ) ആക്ഷേപിക്കുന്നത്. ഈ ലജ്ജാവഹമായ വഴക്കം മുമ്പൊരു സമുദായത്തിലും പതിവില്ലാത്തതായിരുന്നു. ഇത് കൂടാതെ, കവർച്ച, കൊള്ള മുതലായ പല തോന്നിയവാസങ്ങളും ഇവർ നടത്തിയിരുന്നതായി സൂറത്തുൽ 'അൻകബൂത്തി' (العنكبوت)ൽ കാണാം. ലൂത്വ് നബി (അ) യുടെ ഉപദേശങ്ങളൊന്നും അവർ ചെവിക്കൊണ്ടില്ലെന്ന് മാത്രമല്ല, അവർ അദ്ദേഹത്തിന് ഇങ്ങനെ ഒരു അന്ത്യശാസനവും നൽകി;

قَالُوا۟ لَئِن لَّمْ تَنتَهِ يَٰلُوطُ لَتَكُونَنَّ مِنَ ٱلْمُخْرَجِينَ ﴿١٦٧﴾

﴾167﴿ അവർ പറഞ്ഞു: 'നീ വിരമിക്കാത്തപക്ഷം ലൂത്വ് -തീർച്ചയായും നീ പുറത്താക്കപ്പെടുന്നവരുടെ കൂട്ടത്തിലായിത്തീരുന്നതാണ്.'

قَالَ إِنِّي لِعَمَلِكُم مِّنَ ٱلْقَالِينَ ﴿١٦٨﴾

《168》 അദ്ദേഹം പറഞ്ഞു: 'നിശ്ചയമായും ഞാന്‍ നിങ്ങളുടെ (ഈ) പ്രവൃത്തിയോട് കഠിന വിദ്വേഷമുള്ളവരില്‍ പെട്ടവനാണ്.'

《167》 قَالُوا അവര്‍പറഞ്ഞു لَئِن لَّمْ تَنتَهِ തീര്‍ച്ചയായും നീ വിരമിച്ചില്ലെങ്കില്‍ يَٰلُوطُ ലൂത്വേ
《168》 لَتَكُونَنَّ നിശ്ചയമായും നീ ആയിത്തീരും مِنَ ٱلْمُخْرَجِينَ പുറത്താക്കപ്പെടുന്നവരില്‍
قَالَ അദ്ദേഹം പറഞ്ഞു إِنِّي നിശ്ചയമായും ഞാന്‍ لِعَمَلِكُمْ നിങ്ങളുടെ പ്രവൃത്തിയോട്
مِنَ ٱلْقَالِينَ കഠിനവിദ്വേഷമുള്ളവരില്‍ പെട്ടവനാണ്, വളരെ വെറുക്കുന്നവനാണ്

നിന്റെ ഈ ഉപദേശങ്ങളൊക്കെ നിറുത്തല്‍ ചെയ്യാത്തപക്ഷം ഞങ്ങള്‍ നിന്നെ ബഹിഷ്കരിച്ച് നാട്ടില്‍ നിന്ന് പുറംതള്ളുമെന്നായിരുന്നു അവരുടെ അന്ത്യശാസനം. ലൂത്ത് നബി (അ)യാകട്ടെ, തന്റെ കഠിനമായ പ്രതിഷേധവും വെറുപ്പും തുറന്നു പ്രഖ്യാപിച്ചു. അവരില്‍ നിന്നും എനി പ്രതീക്ഷക്ക് പഴുതില്ലെന്ന് കണ്ടപ്പോള്‍ അദ്ദേഹം അല്ലാഹുവോട് പ്രാര്‍ത്ഥിച്ചു:-

رَبِّ نَجِّنِي وَأَهْلِي مِمَّا يَعْمَلُونَ ﴿١٦٩﴾

《169》 'രക്ഷിതാവേ, ഇവര്‍ പ്രവര്‍ത്തിച്ചുകൊണ്ടിരിക്കുന്നതില്‍നിന്ന് എന്നെയും എന്റെ സ്വന്തക്കാരെയും നീ രക്ഷപ്പെടുത്തേണമേ!'

فَنَجَّيْنَٰهُ وَأَهْلَهُۥٓ أَجْمَعِينَ ﴿١٧٠﴾

《170》 അങ്ങനെ, അദ്ദേഹത്തെയും, തന്റെ സ്വന്തക്കാരെ മുഴുവനും നാം രക്ഷപ്പെടുത്തി;-

إِلَّا عَجُوزًا فِي ٱلْغَٰبِرِينَ ﴿١٧١﴾

《171》 -അവശേഷിച്ചവരില്‍ പെട്ട ഒരു വൃദ്ധസ്ത്രീ ഒഴികെ.

ثُمَّ دَمَّرْنَا ٱلْءَاخَرِينَ ﴿١٧٢﴾

《172》 പിന്നെ, മറ്റുള്ളവരെ നാം തകര്‍ത്തു (നിശ്ശേഷം നശിപ്പിച്ചു) കളഞ്ഞു

وَأَمْطَرْنَا عَلَيْهِم مَّطَرًا ۖ فَسَآءَ مَطَرُ ٱلْمُنذَرِينَ ﴿١٧٣﴾

《173》 അവരുടെമേല്‍ നാം ഒരു (തരം) മഴ വര്‍ഷിപ്പിക്കുകയും ചെയ്തു. മുന്നറിയിപ്പ് നല്‍കപ്പെട്ടവരുടെ (ആ) മഴ വളരെ ചീത്ത!

إِنَّ فِي ذَٰلِكَ لَءَايَةً ۖ وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ ﴿١٧٤﴾

《174》 നിശ്ചയമായും, അതില്‍ ഒരു (വലിയ) ദൃഷ്ടാന്തം ഉണ്ട്. അവരില്‍, അധികമാളും വിശ്വസിക്കുന്നവരല്ല.

《175》 നിശ്ചയമായും, നിന്റെ റബ്ബ്

തന്നെയാണ് പ്രതാപശാലിയും, കരുണാനിധിയും. وَإِنَّ رَبَّكَ لَهُوَ ٱلْعَزِيزُ ٱلرَّحِيمُ ﴿١٧٥﴾

﴾169﴿ رَبِّ എന്റെ രക്ഷിതാവേ نَجِّنِي എന്നെ നീ രക്ഷപ്പെടുത്തേണമേ وَأَهْلِي എന്റെ
സ്വന്തക്കാരെയും, ആൾക്കാരെയും, കുടുംബത്തെയും مِمَّا يَعْمَلُونَ അവർ പ്രവർത്തിക്കുന്ന
തിൽനിന്ന് ﴾170﴿ فَنَجَّيْنَاهُ അപ്പോൾ അദ്ദേഹത്തെ നാം രക്ഷപ്പെടുത്തി وَأَهْلَهُ തന്റെ
സ്വന്തക്കാരെയും أَجْمَعِينَ മുഴുവനും ﴾171﴿ إِلَّا عَجُوزًا ഒരു വൃദ്ധ സ്ത്രീ ഒഴികെ, ഒരു കിഴ
വിയെ അല്ലാതെ فِي الْغَابِرِينَ അവശേഷിച്ചവരിൽ പെട്ട, പിന്തിനിന്നവരിൽ ﴾172﴿ ثُمَّ പിന്നെ
دَمَّرْنَا നാം തകർത്തു, നിശ്ശേഷം നശിപ്പിച്ചു الْآخَرِينَ മറ്റുള്ളവരെ, മറ്റേ കൂട്ടരെ ﴾173﴿
وَأَمْطَرْنَا നാം വർഷിപ്പിക്കുകയും ചെയ്തു, മഴ പെയ്യിപ്പിച്ചു عَلَيْهِمْ അവരിൽ مَطَرًا ഒരു മഴ
فَسَاءَ വളരെ ചീത്ത, മോശപ്പെട്ടത് مَطَرُ الْمُنْذَرِينَ താക്കീത് (മുന്നറിയിപ്പ്) നൽകപ്പെട്ടവരുടെ
മഴ ﴾174﴿ إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَآيَةً ഒരു ദൃഷ്ടാന്തം وَمَا كَانَ അല്ല, ആയി
ട്ടില്ല أَكْثَرُهُمْ അവരിലധികവും مُؤْمِنِينَ വിശ്വസിക്കുന്നവർ ﴾175﴿ وَإِنَّ رَبَّكَ നിശ്ചയമായും
നിന്റെ റബ്ബ് لَهُوَ അവൻ തന്നെയാണ് الْعَزِيزُ പ്രതാപശാലി الرَّحِيمُ കരുണാനിധി

ലൂത്വ് നബി (അ)യുടെ ദുആ അല്ലാഹു സ്വീകരിച്ചു. അദ്ദേഹത്തോടും അദ്ദേഹത്തിന്റെ കുടുംബത്തോടും പ്രഭാതത്തിനുമുമ്പായി നാടുവിട്ടുകൊള്ളുവാൻ അല്ലാഹു കൽപിച്ചു. ആ നാട്ടിൽ അദ്ദേഹത്തിന്റെ ഒരേ ഒരു വീടല്ലാതെ മുസ്‌ലിം വീടുണ്ടായിരുന്നില്ല. (الذاريات : ٣٦) ലൂത്വ് നബി (അ)യുടെ ഭാര്യയായിരുന്ന ഒരു സ്ത്രീ അദ്ദേഹത്തിൽ വിശ്വസിച്ചിരുന്നില്ല. അവൾ തോന്നിയവാസികളുടെ പക്ഷക്കാരിയായിരുന്നു. അവൾ അദ്ദേഹത്തോടൊപ്പം പുറത്തുപോകാതെ അവശേഷിക്കുകയും, ജനങ്ങൾക്ക് ബാധിച്ച മഹാശിക്ഷയിൽ അകപ്പെടുകയും ചെയ്തു. 171 -ാം വചനത്തിൽ പ്രസ്താവിച്ച വൃദ്ധസ്ത്രീ (عجوز) അവളാകുന്നു. ഈ ജനതയെപ്പറ്റി ക്വുർആനിൽ പലേടത്തും പ്രസ്താവിച്ചിട്ടുണ്ട്. ഹൂദ്, ഹിജ്ർ (هود، الحجر) എന്നീ സൂറത്തുകളിൽ പറഞ്ഞിട്ടുള്ളതിന്റെ സംക്ഷിപ്തം ഇതാണ്:-

ഇബ്‌റാഹീം നബി (അ)യുടെ വാർദ്ധക്യകാലത്ത് അദ്ദേഹത്തിന് ഒരു കുട്ടി ജനിക്കുവാൻ പോകുന്നുവെന്ന സന്തോഷവാർത്ത അറിയിക്കുവാനായി വന്ന ദൂതൻമാർ (മലക്കുകൾ) അതിനുശേഷം ലൂത്വ് നബി (അ) യുടെ അടുക്കൽ ചെന്നു. കേവലം മൃഗീയ സ്വഭാവികളായ തന്റെ നാട്ടുകാർ തന്റെ അതിഥികളെ മാനഭംഗപ്പെടുത്തുവാൻ ശ്രമിക്കുമോ എന്ന് അദ്ദേഹത്തിന് ഭയമായി. അതിഥികൾ മലക്കുകളാണെന്ന വസ്തുത അദ്ദേഹം മനസ്സിലാക്കിയിരുന്നില്ല. (അവർ സുന്ദരൻമാരായ യുവാക്കളുടെ രൂപത്തിലായിരുന്നു പ്രത്യക്ഷപ്പെട്ടിരുന്നതും.) ആ തെമ്മാടികൾ ഇവരെപ്പറ്റി അറിഞ്ഞു. അവർ സസന്തോഷം അവിടെ എത്താതിരുന്നില്ല. ലൂത്വ് നബി (അ)യാകട്ടെ, ധർമസങ്കടത്തിലായി . 'ഹേ ജനങ്ങളേ, വേണമെങ്കിൽ എന്റെ പെൺമക്കളിതാ, അവരെ ഞാൻ വിവാഹം കഴിച്ചുതരാം, എന്റെ വിരുന്നുകാരെ സംബന്ധിച്ച് നിങ്ങളെന്നെ വഷളാക്കരുത്' എന്നൊക്കെ അദ്ദേഹം അവരോട് പറഞ്ഞു. 'ലൂത്വേ, നിന്റെ പെൺകുട്ടികളെയൊന്നും ഞങ്ങൾക്കാവശ്യമില്ല, ഞങ്ങളുടെ ഉദ്ദേശ്യം എന്താണെന്ന് നിനക്കറിയാമല്ലോ' എന്നായിരുന്നു അവരുടെ മറുപടി. അദ്ദേഹത്തിന്റെ പാര

വശ്യം കണ്ടപ്പോൾ മലക്കുകൾ തങ്ങളുടെ സ്ഥിതി വിവരിച്ചുകൊടുത്തു. 'ഞങ്ങൾ അല്ലാഹുവിൽ നിന്നുള്ള ദൂതൻമാരാണ്, ഈ ജനതയെ നശിപ്പിക്കുവാനായി അയക്കപ്പെട്ടവരാണ്, അതുകൊണ്ട് താങ്കളും കുടുംബവും രാത്രി തന്നെ സ്ഥലം വിടണം, പോകുമ്പോൾ ആരും തിരിഞ്ഞുനോക്കരുത്, താങ്കളുടെ ഭാര്യ തിരിഞ്ഞുനിന്നേക്കും, അവളും ആപത്ത് പിണയേണ്ടവളാണ്, ശിക്ഷ വർഷിക്കുന്നത് നേരം പുലരുന്നതോടെയായിരിക്കും എന്നീ വിവരങ്ങൾ അറിയിച്ചു. അതേപ്രകാരം സംഭവം നടക്കുകയും ചെയ്തു. ഒരു തരം അട്ടഹാസം (ഘോരശബ്ദം) ആകാശത്തുനിന്ന് അൽഭുതകരമായ ഒരസാധാരണ മഴ (ചൂളക്കല്ലുകളാൽ വർഷിപ്പിക്കപ്പെട്ട മഴ) എന്നിവ സംഭവിക്കുകയും, രാജ്യം കീഴ്മേലായി മറിക്കപ്പെടുകയും ഉണ്ടായി!

ബൈബ്ളിലും ഈ സംഭവം വിവരിച്ചിരിക്കുന്നു. അതിൽ ശിക്ഷയുടെ സ്വഭാവം പറഞ്ഞിട്ടുള്ളത് ഇങ്ങനെയാണ്: 'യഹോവ (ദൈവം) സോദോമിന്റെയും, ഗോമോരയുടേയും *(*)* മേൽ യഹോവയുടെ സന്നിധിയിൽനിന്ന്, ആകാശത്ത്നിന്ന് തന്നെ, ഗന്ധകവും, തിയ്യുംവർഷിപ്പിച്ചു. ആ പട്ടണങ്ങൾക്കും, പ്രദേശത്തിന് മുഴുവനും' ആ പട്ടണത്തിലെ നിവാസികൾക്കും, നിലത്തെ സസ്യങ്ങൾക്കും ഉൻമൂലനാശം വരുത്തി. ലോത്തിന്റെ ഭാര്യ അവന്റെ പിന്നിൽനിന്ന് തിരിഞ്ഞുനോക്കി ഉപ്പുതൂണായി ഭവിച്ചു.' (ഉൽപത്തി, അ: 18, 19)

ഈ സംഭവത്തിന്റെ ദൃഷ്ടാന്തമായി, അതിന്റെ അറികുറികൾ നിലനിറുത്തിക്കൊണ്ട് 'ലൂത്വ് കടൽ (بَحر لُوط) ചാവുകടൽ (بَحَر المَيت) എന്നീ പേരുകളിൽ അറിയപ്പെടുന്ന തടാകം ഇന്നും സ്ഥിതി ചെയ്യുന്നുവെന്ന് സൂ: അൻബിയാഇൽ നാം ചൂണ്ടിക്കാട്ടുകയുണ്ടായി. ലൂത്വ് നബി (അ)യുടെ ജനതയുടെ വാസസ്ഥലങ്ങളാണ് സോദോമും, ഗോമോരായും. ഈ രാജ്യങ്ങൾ പ്രസ്തുത തടാകത്തിന്റെ പരിസരപ്രദേശങ്ങളിലായിരുന്നു. അവ നശിപ്പിക്കപ്പെട്ടതോടെ ആ തടാകത്തിൽ ലയിച്ചു പോകുകയാണുണ്ടായത്. ഈ സൂറത്തിന്റെ അവസാനത്തിൽ കൊടുക്കുന്ന വ്യാഖ്യാനക്കുറിപ്പിൽനിന്ന് ഈ വിഷയകമായി കൂടുതൽ മനസ്സിലാക്കാവുന്നതാണ്. അടുത്ത ആയത്തുകളിൽ ശുഅയ്ബ് നബി (അ)യുടെ കഥയുടെ ചുരുക്കം കാണാം:-

---

(*) سدوم وعمورية (പടം 4 ഉം 5 ഉം നോക്കുക)